## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:212 05/03/2012 - ൽ മറുപടിക്ക്

## സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 'മത്സ്യഗ്രാമം' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മത്സ്യഗ്രാമം പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) പദ്ധതിക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. ഈ ആവശ്യത്തിനായി ഈ വർഷം ബജറ്റിൽ വകയിരുത്തിയിരുന്ന 50 കോടി രൂപ ഭവന നിർമ്മാണത്തിനായി അനുവദിച്ചു നൽകിയിട്ടുണ്ട്. ഭവന നിർമ്മാണപദ്ധതിക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ബി) സംസ്ഥാനത്ത് എത്ര ഫിഷിംഗ് വില്ലേജുകളിലാണ് ഈ പദ്ധതി നടപ്പാക്കുക; മലപ്പുറം ജില്ലയിൽ നിന്ന് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫിഷിംഗ് വില്ലേജ് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) 11 മത്സ്യഗ്രാമങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. മലപ്പുറം ജില്ലയിൽ താനൂരിൽ പദ്ധതി നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. വെട്ടം പഞ്ചായത്തിനേയും മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിക്കായി എന്ത് തുക മൊത്തം വിനിയോഗിക്കും; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | മാതൃകാ മത്സ്യഗ്രാമം പദ്ധതിക്കായി 160 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 11 മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങളാക്കി മാറ്റുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ഒരു മത്സ്യഗ്രാമത്തിന് 14.55 കോടി രൂപയാണ് വിഹിതം. ഭവന നിർമ്മാണം. കുടിവെള്ളം തുടങ്ങി എല്ലാ അടിസ്ഥാന സൗകര്യ വികസനവും ഉൾപ്പെടുന്നു. തീരദേശ വികസന കോർപ്പ റേഷൻ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | ആദ്യവർഷം പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | ഈ സാമ്പത്തിക വർഷം 50 കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതു മാതൃകാ മത്സ്യഗ്രാമം പദ്ധതിയിലെ ഭവന നിർമ്മാണഘടകത്തിനായി അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഇ) | പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഇ) | 2011-12 വർഷം ബജറ്റിൽ ഇതിനായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കു ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ